"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇരിങ്ങാലക്കുട- കാക്കാതുരുത്തി എസ്.എൻ.ജി.എസ്.യു.പി.സ്കൂളിന്റെ കെട്ടിടം അനധികൃതമായി പൊളിച്ച് മാറ്റുകയും തുടർന്ന് അനുമതിയില്ലാതെ പുതിയ കെട്ടിടത്തിൽ അധ്യയനം നടത്തുന്നുവെന്ന് ആരോപിച്ച് ബഹു.ഹൈക്കോടതി മുൻപാകെ ശ്രീ.പി.കെ.കുഞ്ഞുമോൻ ഫയൽ ചെയ്ത WP(C) No.6867/2024 നമ്പർ കേസിന്റെ 01/04/2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.1974/2025/LSGD തീയതി,തിരുവനന്തപുരം, 08-08-2025

---

പരാമർശം:-

1. 12.9.2011 തീയതിയിലെ 42448/EW3/11/LSGD നമ്പർ സർക്കുലർ
2. 24.1.2020 തീയതിയിലെ EW3/330/2019/LSGDനമ്പർ സർക്കുലർ
3. ശ്രീ. പി.കെ കുഞ്ഞുമോൻ 10.2.2024 തീയതിയിൽ സമർപ്പിച്ച അപേക്ഷ
4. ബഹു. ഹൈക്കോടതിയുടെ WP(C) No.6867/2024 നമ്പർ കേസിന്റെ 01/04/2025 തീയതിയിലെ വിധിന്യായം
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 15.07.2025 തീയതിയിലെ DGE/5698/2025-VA1 നമ്പർ കത്ത്
6. ചീഫ് എഞ്ചിനീയറുടെ 24.07.2025 തീയതിയിലെ LSGD/PD/18213/2024/DB2 നമ്പർ കത്ത്

<u>ഉത്തരവ്</u>

കടുംബി എഡ്യുക്കേഷണൽ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ഇരിങ്ങാലക്കുട കാക്കാത്തുരുത്തി എസ്.എൻ.ജി.എസ്.യു.പി.സ്കൂളിന്റെ കെട്ടിടം അനധികൃതമായി പൊളിച്ച് മാറ്റുകയും, തുടർന്ന്

അനുമതിയില്ലാതെ പുതിയ കെട്ടിടത്തിൽ അധ്യയനം നടത്തുന്നുവെന്നും ആരോപിച്ച് ശ്രീ. പി.കെ കുഞ്ഞുമോൻ ബഹു.ഹൈക്കോടതി മുൻപാകെ WP(C) No.6867/2024 ഫയൽ ചെയ്തിരുന്നു. ടി കേസിൽ ബഹു. ഹൈക്കോടതിയുടെ 01.04.2025 തീയതിയിലെ വിധിന്യായപ്രകാരം 2-ാം എതിർകക്ഷിയായ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയോട്, അപേക്ഷകനെയും 8-ാം എതിർകക്ഷിയായ സ്കൂൾ മാനേജരെയും നേരിട്ട് കേട്ടതിനുശേഷം അപേക്ഷകൻ അനക്ഷർ P5 ആയി സമർപ്പിച്ച നിവേദനം പരിശോധിച്ച് തീരുമാനിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 16/07/2025- ന് നേരിൽ കേൾക്കുന്നതിന് അവസരം നൽകി എന്നാൽ, ശാരീരിക ബുദ്ധിമുട്ട് കാരണം പരാതിക്കാരൻ ഹാജരായിരുന്നില്ല. അതേസമയം ടിയാന് ബോധിപ്പിക്കാനുള്ള വാദഗതികൾ അയച്ച് നൽകുകയുണ്ടായി. എസ്.എൻ.ജി.എസ്.യു.പി.സ്കൂളിലെ നിലവിലെ മാനേജർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥൻ എന്നിവർ ഹാജരായി.

2. കേരള എഡ്യുക്കേഷൻ റൂൾസ് 1959 ൽ പരാമർശിച്ചിരിക്കുന്ന ഉയരം പാലിക്കാതെയും, സർക്കാർ പുറപ്പെടുവിച്ച പരാമർ ശം (1), (2) സർക്കുലറുകൾ ലംഘിച്ചുമാണ് സ്കൂൾ മാനേജ്മെന്റ് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയതെന്നും, പരാമർ ശം (1) സർക്കുലർ പ്രകാരം എസ്.എൻ.ജി.എസ്.യു.പി.സ്കൂൾ-ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള Plan, Estimate, drawing, Soil Investigation details, building permit എന്നിവ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുമ്പാകെ സമർപ്പിക്കേണ്ടതായിരിക്കെ, മാനേജർ യാതൊരു നടപടികളും സ്വീകരിച്ചില്ലായെന്നും തദ്ദേശസ്ഥാപനത്തിന്റെ Unfit Certificate ലഭ്യമാക്കാതെ പഴയകെട്ടിടം പൊളിച്ചതായും, പുതിയ കെട്ടിടത്തിന്റെ ഒന്നാം നില പൂർത്തിയാക്കിയതായും കണ്ടതിന്റെ വെളിച്ചത്തിൽ വിദ്യാഭ്യാസ വകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകിയെന്നും, എന്നാൽ മാനേജർ, പ്രസ്തുത സ്റ്റോപ്പ് മെമ്മോയ്ക്ക് മറുപടി നൽകാതെ തന്നെ ഒന്നാം നില പൂർത്തീകരിച്ചെന്നും, തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലറുകൾ പരിഗണിക്കാതെ പൊതുവിദ്യാഭ്യാസ ഡയറക്ടർ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകിയെന്നും, കെട്ടിടത്തിന്റെ നിർമ്മാണം നിലവാരമില്ലാത്ത വസ്തുക്കൾ ഉപയോഗിച്ചിട്ടുള്ളതായും പ്രസ്തുത നിർമ്മാണം സർക്കാരിന്റെ കീഴിലുള്ള എഞ്ചിനീയറുടെ മേൽനോട്ടത്തിലല്ലാതെ നടത്തപ്പെട്ടിട്ടുള്ളതാണെന്നും, ആയതിനാൽ കെട്ടിടം പൊളിക്കേണ്ടതിലെങ്കിലും ചെറിയ കുട്ടികളെ ഇരുത്തുന്നതിനുള്ള അനുമതി നൽകുവാൻ പാടില്ലെന്നും, സർക്കുലറുകൾക്ക് വിരുദ്ധമായി കെട്ടിടം പണികഴിപ്പിച്ച മാനേജ്മെന്റിനെതിരെ നടപടി എടുക്കണമെന്നുമുള്ള ആവശ്യങ്ങളാണ് പരാമർശം(3) നിവേദനത്തിലും തുടർന്ന് 15.07.2025 ൽ

ഹിയറിംഗിന്റെ ആവശ്യത്തിനായി നൽകിയ നിവേദനത്തിലും ശ്രീ പി.കെ കഞ്ഞുമോൻ ആവശ്യപ്പെട്ടിരുന്നത്.

3. സ്കൂൾ കെട്ടിടം അനധികൃതമായി പൊളിച്ചതും, തുടർന്ന് വിദ്യാഭ്യാസ അധികാരികളുടെ അനുവാദമില്ലാതെ പുതിയ കെട്ടിടം പണി കഴിപ്പിച്ചതും, പ്രസ്തുത സ്കൂളിന്റെ മുൻപുണ്ടായിരുന്ന മാനേജർ ആയിരുന്നുവെന്നും പുതിയ മാനേജർ ചാർജ് എടുത്തപ്പോൾ കെട്ടിടം പണി പൂർത്തിയാക്കി തുടർന്നുള്ള നടപടികൾ മാത്രമാണ് ചെയ്തിട്ടുള്ളതെന്നും KER റൂൾസ് നിഷ്കർശിച്ചിരിക്കുന്ന പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചിട്ടുണ്ടെന്നും, സ്കൂളിന് ഫിറ്റ്നസ് അനുവദിച്ചിട്ടുള്ളതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. കാക്കാത്തുരുത്തി എസ്.എൻ.ജി.എസ്.യു.പി സ്കൂളിൽ നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ച ശേഷം സമർപ്പിച്ചതായ പെർമിറ്റ് അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പടിയൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചത്. അനുവാദമില്ലാതെ പൊളിച്ച് മാറ്റിയ മാനേജരുടെ നടപടി വിദ്യാഭ്യാസ അധികാരികൾ മാപ്പാക്കിയതിനെ തുടർന്ന് ആദ്യത്തെ പ്ലാനിൽ മാറ്റങ്ങൾ വരുത്തി റിവൈസ്ഡ് പ്ലാൻ സമർപ്പിച്ചത് പ്രകാരമാണ് ആദ്യം നൽകിയിരുന്ന കെട്ടിട നിർമ്മാണ അനുമതി റിവൈസ് ചെയ്ത് നൽകിയത്. ഇപ്രകാരം റിവൈസ്ഡ് പെർമിറ്റ് ലഭ്യമാക്കി നിർമ്മിച്ചതിനെതിരെ പരാതി ലഭിക്കുകയും ഇന്റേണൽ വിജിലൻസ് ടീം പ്രസ്തുത കെട്ടിടം പരിശോധിച്ച വേളയിൽ ടി കെട്ടിടത്തിന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ലഭ്യമായിരുന്നില്ല എന്ന് കണ്ടെത്തിയിരുന്നു. തദവസരത്തിൽ സ്കൂൾ അധികൃതർക്ക് നൽകിയ തുടർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 08.10.2024-ൽ ഒക്യുപൻസി സർട്ടിഫിക്കറ്റിന് വേണ്ടി സ്കൂൾ അധികാരികൾ പടിയൂർ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ KPBR ചട്ടങ്ങൾ പാലിക്കുന്നതോടൊപ്പം KER ചട്ടങ്ങളും പാലിച്ചാണ് ടി സ്കൂൾ നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടതിനാലാണ് പ്രസ്തുത സ്കൂൾ കെട്ടിടത്തിന് ചെയർമാൻ, കുഡുംബി എഡ്യൂക്കേഷന്റെ പേരിൽ ഒക്യൂപൻസി സർട്ടിഫിക്കറ്റ് പടിയൂർ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച നൽകിയിരുന്നതെന്ന് പരാമർശം (6) പ്രകാരം ചീഫ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്.

5. പരാമർശം (2) സർക്കുലറിന്റെ അടിസ്ഥാനത്തിൽ സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ അടങ്കൽ തുകയായ ₹7534965/- രൂപയുടെ 1.25 ശതമാനം തുകയായ ₹94812/- രൂപ ഈടാക്കിക്കൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മേൽ വിവരിച്ച സ്കൂൾ കെട്ടിടത്തിന് കെട്ടിട നമ്പർ , ഓണർഷിപ്പ്

സർട്ടിഫിക്കറ്റ് എന്നിവ അനുവദിച്ചതിന് ശേഷം ആണ് 08.01.2025 ന് സ്കൂൾ അധികൃതർ വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുമ്പാകെ Structural Stability Certificate സഹിതം ആദ്യം ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ ഹാജരാക്കിയിരുന്നത്. മേൽ വിവരിച്ച പ്രകാരം ഒക്യൂപൻസി സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവയും കൂടാതെ KER, KPBR ചട്ടങ്ങൾ ടി കെട്ടിട നിർമ്മാണത്തിൽ എന്നിവ പാലിച്ചിട്ടുണ്ടോ എന്നുള്ളതും തദവസരത്തിൽ പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം, ആവശ്യമായ പരിശോധനകളും നടത്തിയ ശേഷം ആണ് 23.01.2025 തീയതി വെള്ളങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്.എൻ.ജി.എസ്.യു.പി.സ്കൂളിന് ആദ്യം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (2024-25)അനുവദിച്ച് നൽകിയിട്ടുള്ളത്. തുടർന്ന് പുതിയ അദ്ധ്യായന വർഷം സ്കൂൾ അധികൃതർ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ പടിയൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും അപ്രകാരം കെട്ടിടം പരിശോധിച്ച് നിലവിൽ കെട്ടിടത്തിന് യാതൊരുവിധ ബലക്ഷയവും ഉള്ളതല്ല എന്ന് ഉറപ്പാക്കിയ ശേഷമാണ് പടിയൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്.എൻ.ജി.എസ്.യു.പി.സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയിട്ടുള്ളതെന്ന് നേരിൽ കേട്ടതിൽ നിന്നും, രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ പരാതിക്കാരന്റെ അനക്ഷർ P5 നിവേദനത്തിന്മേൽ ചുവടെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുന്നു.

(1)ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിച്ച് നിർമ്മിച്ചിട്ടുണ്ടെന്നത് പരിശോധിച്ച് ഉറപ്പാക്കിയതിന് ശേഷം സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതിനാൽ പ്രസ്തുത കെട്ടിടം കുട്ടികളെ ഇരുത്തുന്നതിന് ഉപയോഗിക്കരുത് എന്നുള്ള ആവശ്യം നിരാകരിച്ചിരിക്കുന്നു .

(2)മാനേജർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ആവശ്യം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധികാര പരിധിയിൽ വരാത്ത വിഷയമായതിനാൽ പരാതിക്കാരൻ പൊതുവിദ്യാഭ്യാസ വകുപ്പ് അധികാരികളെ സമീപിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

7. മേൽ വിവരിച്ച പ്രകാരം ശ്രീ പി.കെ കുഞ്ഞുമോൻ ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No.6867/2024 നമ്പർ കേസിലെ 01.04.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMI SANDIPIKA G MASTERLEY

അണ്ടർ സെക്രട്ടറി

ശ്രീ.പി.കെ കഞ്ഞുമോൻ, പുതുവാമൂല (H) CUSAT PO , ഹരിത നഗർ, കളമശ്ശേരി,

കൊച്ചി -682022

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് മുഖാന്തിരം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം

മാനേജർ,SNG UP സ്കൂൾ,കാക്കാതുരുത്തി,ഇരിങ്ങാലകട,പടിയൂർ പി ഒ,തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi L P
സെക്ഷൻ ഓഫീസർ
Date: 08-08-2025 11:25:53